TMA House, Jawahar Nagar, Kowdiar P.O.,
Thiruvananthapuram - 695 003, Kerala, India
Tel : +91 471 2724786
E-mail : trima_85@yahoo.co.in
www.tmakerala.com

**പത്രക്കുറിപ്പ്** **12.06.2022**

**ട്രിമ 2022: തലസ്ഥാന നഗരിയിലെ കണക്റ്റിവിറ്റിയും അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കണമെന്ന് വിദഗ്ധർ**

- **നൂതന സംരംഭങ്ങളിൽ കോർപ്പറേറ്റുകളുടെ പിന്തുണ വേണം**

**തിരുവനന്തപുരം :** സാമ്പത്തികം, ആരോഗ്യം, ടൂറിസം, വിദ്യാഭ്യാസം, ടെക്നോളജി മേഖലകളിലെ ഹബ്ബാക്കി തലസ്ഥാന നഗരിയെ വാർത്തെടുക്കുന്നതിന് കണക്റ്റിവിറ്റിയും ലോകോത്തര നിലവാരത്തിലുള്ള സുസ്ഥിര അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കണമെന്ന് ട്രിവാൻഡ്രം മാനേജ്മെന്റ് അസോസിയേഷന്റെ വാർഷിക കൺവെൻഷനായ 'ട്രിമ 2022' ൽ വിദഗ്ധർ അഭിപ്രായപ്പെട്ടു. വിജ്ഞാനാധിഷ്ഠിത സംരംഭങ്ങൾക്ക് അനന്തസാധ്യതയുള്ള തിരുവനന്തപുരത്ത് നൂതനത്വവും സംരംഭകത്വവും പ്രോത്സാഹിപ്പിക്കാൻ അടിസ്ഥാനസൗകര്യം ഏറ്റവും അനിവാര്യമാണെന്നും ബിസിനസ് പ്രമുഖർ, ആസൂത്രകർ, ഭരണാധികാരികൾ ഉൾപ്പെടെയുള്ള വിദഗ്ധർ പങ്കെടുത്ത ടെക്നിക്കൽ സെഷൻ വ്യക്തമാക്കി.

ശുദ്ധ വായുവും ജലവും പോലെ എല്ലാവർക്കും പ്രിയപ്പെട്ടവയ്ക്ക് കോട്ടംതട്ടാതെ തലസ്ഥാന നഗരിയുടെ വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുക വലിയ വെല്ലുവിളിയാണെന്ന് 'അതിരുകളില്ലാത്ത വിനിമയബന്ധവും ലോകോത്തര അടിസ്ഥാന സൗകര്യവും' എന്ന വിഷയത്തിലെ ടെക്നിക്കൽ സെഷനിൽ മോഡറേറ്ററായിരുന്ന സംസ്ഥാന സർക്കാർ മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ടി ബാലകൃഷ്ണൻ പറഞ്ഞു. സ്വതവേ പ്രശ്നങ്ങളുള്ള തിരുവനന്തപുരം പോലുള്ള പഴയ നഗരത്തിന്റെ ഭാവി പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന കാര്യത്തിൽ ഈ വെല്ലുവിളികൾ ഗുരുതരമാണ്. നഗരത്തിന് മാറ്റം കൊണ്ടുവരുന്ന പദ്ധതിയാണ് ഔട്ടർ റിംഗ് റോഡ്. റിംഗ് റോഡിന് ചുറ്റും വരുന്ന പുതിയ നഗരത്തെ ഭൂപ്രകൃതിയിൽ കാതലായ മാറ്റംവരുത്താതെ പഴയ നഗരവുമായി നന്നായി സംയോജിപ്പിക്കാൻ കഴിയുമെന്നും അദ്ദേഹം വ്യക്തമാക്കി.

എല്ലാം ഉൾക്കൊള്ളിച്ചുള്ള അടിസ്ഥാനസൗകര്യ വികസനം കൂടാതെ നഗരത്തിന് ലക്ഷ്യങ്ങൾ കൈവരിക്കാനാകില്ലെന്ന് പാലിയം ഇന്ത്യ സിഇഒയും ഗ്വാളിയോർ സ്മാർട്ട്സിറ്റി ഡവലപ്മെന്റ് കോർപ്പറേഷൻ മുൻ ഇന്റിപെൻഡന്റ് ഡയറക്ടറുമായ രാജ് കല്ലടി പറഞ്ഞു. വളരുമ്പോൾ തന്നെ ധാർമ്മികതയും സംരക്ഷിക്കേണ്ടത് നിർണായകമാണ്. നഗരത്തിനാവശ്യമായവ കണ്ടെത്തി നേടിയെടുക്കണം. ശരിയായ കണക്റ്റിവിറ്റിയും അടിസ്ഥാന സൗകര്യവും ലഭ്യമാക്കിയാൽ ദക്ഷിണേഷ്യയുടെ ട്രാൻസിറ്റ് ഹബ്ബായി വികസിക്കാൻ നഗരത്തിന് സാധ്യതകളുണ്ട്. നഗരത്തിലെ മാലിന്യപ്രശ്നം പരിഹരിക്കപ്പെടേണ്ടതുണ്ടെന്നും ഈ വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തിയ അദ്ദേഹം വ്യക്തമാക്കി.

ആഗോള - ആഭ്യന്തര വ്യോമ ഗതാഗത ബന്ധത്തെ ശക്തിപ്പെടുത്താനാകുന്ന തരത്തിൽ വിപുലീകരണത്തിന് ആവശ്യമായ സ്ഥലം കിട്ടാത്തതാണ് തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിന്റെ പ്രധാന പ്രശ്നമെന്ന് അദാനി എയർപോർട്ട് ഹോൾഡിംഗ് ലിമിറ്റഡ് (ഓപ്പറേഷൻസ്) ജോയിന്റ് പ്രസിഡന്റും അദാനി ട്രിവാൻഡ്രം എയർപോർട്ട് ചീഫ് എയർപോർട്ട് ഓഫീസറുമായ പ്രഭാത് കുമാർ മഹാപാത്ര പറഞ്ഞു.

റോഡുകളെ അധികമായി ആശ്രയിക്കുന്നതിൽനിന്നും ഉണ്ടാകുന്ന മാനുഷിക-പാരിസ്ഥിതിക ചെലവുകൾ കുറയ്ക്കുന്നതിന് നഗരത്തിൽ സുസ്ഥിര ഗതാഗത സംവിധാനം നിർണായകമാണെന്ന് നാറ്റ്പാക്ക് ഡയറക്ടർ ഡോ. സാംസൺ മാത്യു പറഞ്ഞു. ശുദ്ധവായു, തിരക്ക് ഇല്ലാത്ത റോഡുകൾ, പൊതുജന സൗകര്യം എന്നിവ ഉറപ്പാക്കുന്നതായിരിക്കണം പുതിയ സംവിധാനമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സമയവും ചെലവും ലാഭിക്കാനുള്ള യാത്ര ഉറപ്പാക്കാൻ സംസ്ഥാനത്തിനകത്ത് ഒരു സമർപ്പിത റെയിൽ പാത പ്രായോഗിക പരിഹാരമാണെന്ന് കെറെയിൽ മാനേജിംഗ് ഡയറക്ടർ വി അജിത് കുമാർ പറഞ്ഞു. തിരുവനന്തപുരത്തിനും കാസർഗോഡിനും ഇടയിലുള്ള യാത്രാസമയം കുറച്ചുകൊണ്ട് നിലവിലേയും ഭാവിലേയും ആവശ്യകതകളെ നേരിടാനാണ് സിൽവർ ലൈൻ സെമി ഹൈസ്പീഡ് റെയിൽ ഇടനാഴിയിലൂടെ ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. വികസന സ്വപ്നങ്ങളെ കൃത്യമായ കർമ്മ പദ്ധതിയുമായി സമന്വയിപ്പിച്ച് തലസ്ഥാന നഗരിയുടെ സാധ്യകൾ എങ്ങനെ പ്രയോജനപ്പെടുത്താമെന്നത് വലിയ വെല്ലുവിളിയാണെന്ന് ടോറസ് ഇന്ത്യ സിഇഒയും സീനിയർ വൈസ് പ്രസിഡന്റും അവേക്ക് ട്രിവാൻഡ്രം സെക്രട്ടറിയുമായ അനിൽ കുമാർ പറഞ്ഞു.

അടിസ്ഥാനസൗകര്യം, സാമ്പത്തിക പിന്തുണ, മാർഗനിർദേശം, ഉൽപ്പന്ന മൂല്യനിർണയം, വിപണന പിന്തുണ തുടങ്ങിയവ ആവശ്യമായ പ്രാരംഭഘട്ടത്തിലുള്ള നൂതന സംരംഭങ്ങളുടെ വളർച്ചക്ക് കോർപ്പറേറ്റുകൾ കടന്നുവരണമെന്ന് 'നൂതനത്വവും സംരംഭകത്വവും' എന്ന വിഷയത്തിലെ ടെക്നിക്കൽ സെഷനിൽ മുഖ്യപ്രഭാഷണം നടത്തിയ കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ. സജി ഗോപിനാഥ് പറഞ്ഞു. വിജ്ഞാനാധിഷ്ഠിത സംരംഭകത്വത്തെ കരുത്താർജ്ജിപ്പിക്കുന്നതിന് ഗവേഷണത്തിനും നൂതനത്വത്തിനും പ്രമുഖ്യം നൽകി മികച്ച സ്ഥാപനങ്ങളെ തമ്മിൽ ബന്ധിപ്പിക്കണം. ഇത് നമ്മുടെ ഗവേഷണ മേഖലയെ ശക്തിപ്പെടുത്തുമെന്നും കേരള സ്റ്റാർട്ടപ്പ് മിഷന്റെ മുൻ സിഇഒ കൂടിയായ അദ്ദേഹം വ്യക്തമാക്കി.

സാങ്കേതികവിദ്യയെ ആശ്രയിച്ചുള്ള ബിസിനസായ ആതിഥേയ മേഖലയിൽ നൂതന പ്രതിവിധികൾക്ക് നിരവധി സാധ്യതകളുണ്ടെന്ന് ഹോസ്പിറ്റാലിറ്റി വിദഗ്ധനും കൺസൾട്ടന്റും ജിഞ്ചർ ഹോട്ടൽസ് മുൻ എംഡിയും ടേൺസ്റ്റോൺ ഹോസ്പിറ്റാലിറ്റി എൽഎൽപി സ്ഥാപകനും സിഇഒയുമായ പികെ മോഹൻകുമാർ പറഞ്ഞു.ഡിജിറ്റൽവൽക്കരണം ലോകത്തെ മാറ്റിമറിക്കുന്നുവെന്ന് നിസാൻ ഡിജിറ്റൽ ഇന്ത്യ (ഡിവിഷണൽ ജനറൽ മാനേജർ) മേധാവി രമേഷ് മിറാജെ അഭിപ്രായപ്പെട്ടു. വിൽപ്പന വിവരങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിന് ആർട്ടിഫിഷ്യൽ ഇന്റലിജൻസും മെഷീൻ ലേണിംഗുമാണ് തങ്ങളുടെ സ്ഥാപനം പ്രയോജനപ്പെടുത്തുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

സംസ്ഥാനത്തിന്റെ തനത് സാധ്യതകളും വിഭവങ്ങളും കരുതലോടെ ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന് ഏഷ്യാനെറ്റ് സാറ്റ്ലൈറ്റ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് എംഡിയും സിഇഒയുമായ മൂർത്തി ചഗന്തി അഭിപ്രായപ്പെട്ടു. ഉപഭോക്തൃ ആവശ്യങ്ങൾ വിശകലനം ചെയ്ത് മനസ്സിലാക്കുന്നതിനും മാറ്റം വരുത്തുന്നതിനും നൂതനത്വത്തിലൂന്നിയ സംരംഭകത്വം സുപ്രധാനമാണെന്ന് സെഷനിൽ മോഡറേറ്ററായിരുന്ന ഏണസ്റ്റ് ആൻഡ് യംഗ് ഗ്ലോബൽ ലിമിറ്റഡ് അസോസിയേറ്റ് പാർട്ണർ രാജേഷ് നായർ പറഞ്ഞു.

ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ തിരിതെളിയിച്ച ദ്വിദിന മാനേജ്മെന്റ് കൺവെൻഷനായ 'ട്രിമ 2022'ൽ വ്യാവസായിക നേതാക്കൾ, നയകർത്താക്കൾ, പ്രൊഫഷണലുകൾ, ബിസിനസുകാർ ഉൾപ്പെടെ ഇരുന്നൂറിലധികം പ്രതിനിധികൾ പങ്കെടുത്തു. തലസ്ഥാന നഗരിയിൽ അടുത്ത നാലുവർഷത്തിനുള്ളിൽ സുസ്ഥിരവികസനം നടപ്പാക്കുന്നതിനുള്ള കാഴ്ചപ്പാടുകൾ ഉൾപ്പെടുത്തി ടിഎംഎ തയ്യാറാക്കിയ നയരേഖ 'ട്രിവാൻഡ്രം വിഷൻ 2025 - എ സ്നാപ്ഷോട്ട് ഓഫ് സിറ്റീസ് വിഷൻ ഡെവലപ്മെൻറ് ജേർണി' ടിഎംഎയുടെ വെബ്സൈറ്റിൽ (www.tmakerala.com ) ലഭിക്കും. ന്യൂഡൽഹി കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഓൾ ഇന്ത്യ മാനേജ്മെന്റ് അസോസിയേഷന്റെ അംഗീകാരമുള്ള പ്രമുഖ മാനേജ്മെന്റ് അസോസിയേഷനാണ് ടിഎംഎ.